# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## കരട്    ബഡ്ജറ്റ്   2026-27

### അവതരണം


മോഹനൻ കെ

വൈസ് പ്രസിഡണ്ട് &ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്


28/02/2026 രാവിലെ 12 PM

പഞ്ചായത്ത് കോൺഫറൻസ് ഹാൾ

## ആമുഖം

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണിത്. ആയതിനാൽ അടുത്ത അഞ്ച് വർഷത്തേക്ക് ഈ ഭരണസമിതി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പദ്ധയിതേര പ്രവർത്തനങ്ങളുടെ വിവരങ്ങൾ പരമാവധി ഈ ബജറ്റിൽ ഉൾപെടുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഈ ബജറ്റവതരണത്തിൽ സന്നിഹിതരായിട്ടുള്ള ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, മീഡിയ പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങി നിങ്ങളേവരേയും ഈ പ്രത്യേക യോഗത്തിലേക്ക് ഞാൻ സ്വാഗതം ചെയ്യുന്നു.

ഇത്തവണത്തെ ബജറ്റ് പ്രധാനമായും ഉൽപാദനമേഖലയ്ക്കും ശുചിത്വ മാലിന്യസംസ്കരണത്തിനും ആരോഗ്യമേഖലക്കും ബാലസൌഹൃദ പദ്ധതികൾക്കുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൃഷിയും മാലിന്യ സംസ്കരണവും ഒന്നിച്ച് നടത്തുകയാണെങ്കിൽ അത് വലിയൊരു നേട്ടമായിരിക്കും. എല്ലാ വീടുകളിലും മാലിന്യ സംസ്കരണം എന്നത് അടുത്ത വർഷം പൂർത്തിയാക്കുന്നതിനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ആരോഗ്യ മേഖലയിൽ ഹെൽത്തി വില്ലേജ് എന്ന സമഗ്ര പദ്ധതി അടുത്ത വർഷം നടപ്പിലാക്കും.

ചക്കരക്കല്ലിൽ പഴയ കമ്മ്യൂണിറ്റി ഹാൾ നിലനിന്നിരുന്ന സ്ഥലത്ത് പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയം പ്രവൃത്തി നടന്നു വരുന്നു. ചക്കരക്കൽ ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആധുനിക രീതിയിയിലുള്ള ഒരു ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ്, പാർക്കിംഗ് സംവിധാനം, മിനി ഓഡിറ്റോറിയം, ടോയ്ലറ്റ് മറ്റ് സൌകര്യങ്ങൾ അടങ്ങുന്ന ഒരു വിവിധോദ്ദേശ പ്രൊജക്ട് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ട്. എംഎൽഎ ഫണ്ടോ ബഹു. മുഖ്യമന്ത്രിയുടെ ആസ്തിവികസനോ ഫണ്ടോ ലഭ്യമായ മറ്റ് ഫണ്ടോ ഉപയോഗപ്പെടുത്തി പൂർത്തീകരിക്കും

എംഎൽഎ ഫണ്ട് 1 കോടി രൂപ വകയിരുത്തി കക്കോത്ത് സ്റ്റേഡിയം റോഡിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മൌവ്വഞ്ചേരിയിൽ കളിസ്ഥലത്തിന് 25 സെൻറ് സ്ഥലം വാങ്ങുന്നതിന് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിനടുത്ത്

ഓഡിറ്റോറിയം നിർമ്മാണം അടുത്തവർഷം പൂർത്തീകരിക്കും. എല്ലാ വാർഡുകളിലും കളിസ്ഥലം നിർമ്മാണം എന്ന പദ്ധതി അടുത്ത വർഷം നടപ്പാക്കും.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ച് പദ്ധതികൾ ഈ വർഷവും വിഭാവനം ചെയ്യുന്നു. പദ്ധതി ചെലവിൽ 2024-25 വർഷം മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 100% നികുതി പിരിവ് മുൻ വർഷങ്ങളിലെ പോലെ കഴിഞ്ഞ വർഷവും നേടാനായി.

സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള ഫണ്ടും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും പഞ്ചായത്തിന്റെ തനത് വരുമാനവും പ്രതീക്ഷിച്ചാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മുഴുവൻ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് മുൻകാലങ്ങളിലെന്ന പോലെ തുടർന്നുള്ള വർഷങ്ങളിലും എല്ലാ വിഭാഗം ജനങ്ങളുടെയും സഹായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ ബജറ്റ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

പ്രസിഡണ്ട്

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## ബഡ്ജറ്റ് 2026-27

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള ബജറ്റാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. പ്രസ്തുത ബഡ്ജററിലെ എല്ലാ വരവുകളുടെയും ചെലവുകളുടെയും ഒരു സംഗ്രഹമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**2026-27 വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരവിനങ്ങൾ**

**നികുതി വരുമാനങ്ങൾ**

**വസ്തു നികുതി** - ഗ്രാമപഞ്ചായത്തിന് സ്വന്തം നിലയിൽ ലഭിക്കുന്ന ഏറ്റവും വലിയ വരുമാനമാണ് വസ്തു നികുതി. നികുതി ഇനത്തിൽ 2026-27 സാമ്പത്തിക വർഷം 1 കോടി 50 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു. കെട്ടിട നിർമ്മാണത്തിലെ അധിക നിർമ്മാണം നടത്തിയത് കണ്ടെത്തി കൂടുതൽ തുക ഈടാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**തൊഴിൽ നികുതി** –

2026-27 വർഷത്തിൽ, ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ട്രേഡേർസിൻറെയും തൊഴിൽ നികുതി വരുമാനം 81 ലക്ഷം ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സേവന നികുതി** - പഞ്ചായത്ത് നല്കുന്ന വിവിധങ്ങളായ സേവനങ്ങൾക്ക് സേവന നികുതി 2023-24 വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൻറെ അനിവാര്യ ചുമതലകളായ മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകളുടെ പരിപാലനം തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനായി വസ്തുനികുതിയോടൊപ്പം സേവന നികുതി പിരിച്ചെടുക്കാൻ സാധിച്ചു. 2026-27 വർഷം സേവന നികുതി ഇനത്തിൽ 15 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. ആകെ നികുതി വരുമാനം 2.46 കോടി രൂപ പ്രതീക്ഷിക്കുന്നു.

**നികുതിയേതര വരുമാനങ്ങൾ -**

**ലൈസൻസ് ഫീസ്** – അടുത്ത വർഷം 5 ലക്ഷം രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ബിൽഡിംഗ് പെർമിറ്റ്ഫീസ്** - ബിൽഡിംഗ് പെർമിറ്റ് ഫീ, ക്രമവൽക്കരണ ഫീ ഇനത്തിൽ വരവായി ഈ വർഷം 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

**മറ്റ് ഫീസുകൾ** - മാർക്കറ്റ് വരവ് ഇനത്തിൽ 2 ലക്ഷം രൂപയും ബസ് സ്റ്റാൻഡ് ഇനത്തിൽ 3 ലക്ഷം രൂപയും യൂസർ ഫീ 10 ലക്ഷം രൂപയും വരവ് പ്രതീക്ഷിക്കുന്നു. ഡെപോസിററുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നത് വഴി 4 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു. ബാങ്ക് പലിശ ഇനത്തിൽ 30 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

**പിഴകൾ** - പിഴകൾ കാലാനുസൃതമായി വർദ്ധിപ്പിച്ചതിലൂടെ മാലിന്യ സംസ്കരണ രംഗത്ത് കഴിഞ്ഞ വർഷങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചു. 2026-27-ൽ പിഴ തുകയായി 10 ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആകെ നികുതിയേതര വരുമാനമായി 2.1739 കോടി രൂപ പ്രതീക്ഷിക്കുന്നു.

**പദ്ധതി വിഹിതം )**

**വികസനഫണ്ട് (ജനറൽ)**

സംസ്ഥാന സർക്കാരിൻറെ 2026-27 ബജറ്റ് നിർദ്ദേശങ്ങളിലെ അനുബന്ധം 2 പ്രകാരം 2026-27 സാമ്പത്തിക വർഷത്തേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തിയ പദ്ധതി വിഹിതം പരാമർശിച്ചിട്ടുണ്ട്.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് 2026-27 വർഷത്തെ വിവിധ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 3 കോടി 81 ലക്ഷത്തി 89 ആയിരം രൂപയും, പട്ടികജാതി വിഭാഗത്തിലെ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിന് SCP ഫണ്ടിനത്തിൽ 14 ലക്ഷത്തി 8 ആയിരം രൂപയും പ്രതീക്ഷിക്കുന്നു. ധനകാര്യ കമ്മീഷൻ ബേസിക് ഇനത്തിൽ 45 ലക്ഷത്തി 85 ആയിരം രൂപയും ടൈഡ് ഇനത്തിൽ 68 ലക്ഷത്തി 77 ആയിരം രൂപയും കേന്ദ്രവിഹിതം പ്രതീക്ഷിക്കുന്നു.

**ഡിപ്പാർട്ടമെന്റ് ഫണ്ട് B ) വിഭാഗം ഫണ്ട്** - ഘടകസ്ഥാപനങ്ങളുടെതായ ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ വിവിധ ക്ഷേമ പെൻഷൻ ഫണ്ടുകൾ, വിവാഹ ധനസഹായത്തിനായി ലഭിക്കുന്ന റവന്യൂ വകുപ്പിന്റെ ഫണ്ട് സംസ്ഥാനവിഷ്കൃത ഫണ്ട് എന്നിവയാണ് ബി - വിഭാഗം ഫണ്ടിൽ ലഭിക്കുന്നത്. ലഭിക്കുന്നത്. ഈ ഇനത്തിൽ 16.84 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു.

**മെയിന്റനൻസ് ഗ്രാന്റ് ഫണ്ട് C) വിഭാഗം ഫണ്ട്** – കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളുടെയും പഞ്ചായത്തിന്റെ ആസ്തികളുടെയും സംരക്ഷണത്തിന് കിട്ടുന്ന

ഫണ്ടാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ്, വിഭാഗത്തിൽ 2 കോടി 14 ലക്ഷത്തി 49 ആയിരം രൂപയും, നോൺ റോഡ് വിഭാഗത്തിൽ 44 ലക്ഷത്തി 4 ആയിരം രൂപയും ലഭിക്കുന്നതാണ്.

**ജനറൽ പർപ്പസ് ഗ്രാൻറ് D) ഫണ്ട്-** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിന്റെ ഭാഗമായി ഉപയോഗിക്കാൻ കഴിയുന്നതും സർക്കാർ അനുവദിക്കുന്നതുമായ ഫണ്ടാണ് ജനറൽ പർപ്പസ് ഫണ്ട്. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2026-27 സാമ്പത്തിക വർഷം 3 കോടി 67 ലക്ഷത്തി 78 ആയിരം രൂപയാണ് ലഭ്യമാകുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് ഇ കാറ്റഗറി ഫണ്ട്** –

**1) മഹാത്മാഗാന്ധി എൻആർഇജിഎസ് ഫണ്ട്-**

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം 3 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**2) ഐസിഡിഎസ് ഫണ്ടുകൾ** - അങ്കണവാടി കുട്ടികളുടെ പോഷകാഹാരത്തിനായി അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ലഭിക്കുന്ന ഫണ്ടാണിത്. ഈ ഇനത്തിൽ 50 ലക്ഷം രൂപ വരവ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**3) ടി.എസ്.സി ഫണ്ട്** - സമ്പൂർണ്ണ ശുചിത്വ പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ടാണിത്. ഈ ഇനത്തിൽ 10 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**4) ഹെൽത്ത് ഗ്രാൻറ്** - ആരോഗ്യ സ്ഥാപനങ്ങളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതന് അനുവദിക്കുന്ന ഫണ്ടാണിത്. 20 ലക്ഷം രൂപ ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നു.

**5) സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്** - ശുചിത്വം ഖര ദ്രവ മാലിന്യ സംസ്കരണം എന്നിവയ്ക്കാണ് ഈ ഫണ്ട് ലഭിക്കുന്നത്. 50 ലക്ഷം രൂപ ഈ ഇനത്തിൽ വരവ് പ്രതീക്ഷിക്കുന്നു.

**6) സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ-** ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഭാഗമായി ഫണ്ട് ഇനത്തിൽ 30 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

**7) മറ്റുള്ള ഫണ്ടുകൾ**

ഗുണഭോക്തൃ വിഹിതമായി 30 ലക്ഷവും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 20 ലക്ഷവും ജില്ല പഞ്ചായത്ത് വിഹിതമായി 20 ലക്ഷവും പ്രതീക്ഷിക്കുന്നു. മറ്റുള്ള ഗ്രാൻറുകളായി 70 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

**2026-27 വർഷത്തെ പ്രതീക്ഷിത ചെലവിനങ്ങൾ**

1. **അനിവാര്യ ചുമതലയ്ക്ക് വേണ്ടിയുള്ളവ:**

പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം, വേതനം, ബോണസ്സ്, യാത്രാബത്ത, മറ്റ് ബത്തകൾ, അലവൻസുകൾ കരാർ ജീവനക്കാർക്കുള്ള വേതനം, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കുള്ള കൂലി ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാബത്ത , പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കൽ എന്നീ ഇനങ്ങളിലായി 3.1 കോടി രൂപ വകയിരുത്തുന്നു.

വാടക, വാഹനവാടകകൾ, വിവിധ നികുതികൾ അടവ് വരുത്തൽ, ഓഫീസ് ചെലവുകൾ, വാർത്താവിനിമയ ചെലവുകൾ, പുസ്തകങ്ങളും, ആനുകാലികങ്ങളും വാങ്ങൽ, അച്ചടിയും സ്റ്റേഷനറിയും തുടങ്ങിയ ഭരണചെലവുകൾക്കായി 1.145 കോടി രൂയും വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ സംരക്ഷണ ചെലവുകൾക്കും നടത്തിപ്പിനുമായി വൈദ്യുതി ഊർജ്ജ/ഉപഭോഗ ചെലവിനത്തിലും , ഇന്ധനചെലവിനത്തിലും കുടിവെള്ള വിതരണം തുടങ്ങിയ ചെലവുകൾക്കായി 94 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വാർഷിക പദ്ധതി**

പഞ്ചായത്തിന് ലഭ്യമാകുന്ന വികസന ഫണ്ടിൽ, ഉൽപാദന സേവന പശ്ചാത്തല മേഖലകളിൽ 40,30,30 ശതമാനം എന്ന ക്രമത്തിൽ ഫണ്ട് വകയിരുത്തിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ബാക്കിയുള്ളവക്കായി തനത് ഫണ്ട്, മറ്റ് കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവ ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

## മേഖലകൾ

### കൃഷി

അടുത്ത സാമ്പത്തിക വർഷം മുതൽ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷിത്തോട്ടം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടവിള കൃഷിക്ക് 3 ലക്ഷം രൂപയും അടുക്കളത്തോട്ടം പദ്ധതിക്ക് 10 ലക്ഷം രൂപയും നെൻമകം നെൽകൃഷി പദ്ധതിക്ക് 10 ലക്ഷം രൂപയും കവുങ്ങ് തൈ വിതരണത്തിന് 1 ലക്ഷം രൂപയും പയർവിത്ത് വിതരണത്തിന് 1 ലക്ഷം രൂപയും കിഴങ്ങ് ഗ്രാമം പദ്ധതിക്ക് 2 ലക്ഷം രൂപയും തെങ്ങ്കൃഷി വികസനത്തിന് 5 ലക്ഷം രൂപയും മൺചട്ടി, പച്ചക്കറി തൈ വിതരണത്തിന് 15 ലക്ഷം രൂപയും കുരുമുളക് കൃഷിക്ക് 2 ലക്ഷം രൂപയും കാട്ടുപന്നി നിർമ്മാർജന പദ്ധതിക്ക് 2 ലക്ഷം രൂപയും മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക പദ്ധതിയായ തൊടിയിലോരു തടം എന്നിവക്ക് 5 ലക്ഷം രൂപ ഗ്രാമീണ ജൈവകാർഷിക കേന്ദ്രത്തിനായി 5 ലക്ഷം രൂപയും വകയിരുത്തുന്നു.

### മൃഗസംരക്ഷണം

മുട്ട, ഇറച്ചി ഉല്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. ആട്ടിൻകുട്ടികളെ വിതരണം അടുത്ത 5 വർഷംകൊണ്ട് പാലിന്റെ കാര്യത്തിലും മാംസോല്പാദനത്തിലും സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിയും. മുട്ടക്കോഴി വിതരണത്തിന് 10 ലക്ഷം രൂപയും മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 3 ലക്ഷം രൂപയും പേവിഷബാധ നിയന്ത്രണത്തിന് 1 ലക്ഷം രൂപയും വിര മരുന്ന് വിതരണത്തിന് 2 ലക്ഷം രൂപയും ആട് വളർത്തൽ പദ്ധതിക്ക് 2 ലക്ഷം രൂപയും വകയിരുത്തുന്നു

### മത്സ്യബന്ധനം

ചെറുകിടകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലവത്തായ ഒരു മാർഗ്ഗമാണ് ശാസ്ത്രീയമായ ഉൾനാടൻ മത്സ്യകൃഷി. ഈ മേഖലക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പിനായി 1 ലക്ഷം രൂപയും ലാപ്ടോപ് വിതരണത്തിന് 1 ലക്ഷം രൂപയും മത്സ്യതൊഴിലാളികൾക്ക്

ഇരുചക്രവാഹനത്തിന് 10 ലക്ഷം രൂപയും അലങ്കാര മത്സ്യകൃഷിക്ക് 2 ലക്ഷം രൂപയും വകയിരുത്തുന്നു.

## പ്രാദേശിക സാമ്പത്തിക വികസനം

ഈ മേഖലയിൽ 1000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കണമെന്നാണ് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. ഇതിനായി തൊഴിൽമേളകൾ നടത്തി വരുന്നുണ്ട്. കുടുംബശ്രീ സംരഭക യൂണിറ്റുകളിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. 45 ലക്ഷം രൂപ ഈ മേഖലയിൽ വകയിരുത്തുന്നു.

## സേവന മേഖല

## വിദ്യാഭ്യാസം, കലയും സംസ്കാരവും

എസ് എസ് കെ വിഹിതം, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കേരളോൽസവം, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ്, പഠനോപകരണങ്ങൾ എന്നിവ നല്കൽ, കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ, നീന്തൽ, കരാട്ടെ, കളരി, യോഗ പരിശീലനം, യുവജന ക്ഷേമ പരിപാടികൾ എന്നിവക്കായി തുക വകയിരുത്തുന്നു. 35 ലക്ഷം രൂപ ഈ മേഖലക്ക് വകയിരുത്തുന്നു. സാസ്കാരിക ഉൽസവം നടത്തുന്നതിനും 5 ലക്ഷം രൂപയും സ്കൂളുകൾക്ക് പത്രവിതരണത്തിന് 2 ലക്ഷം രൂപയും സ്പോർട്സ് കിറ്റ് വിതരണത്തിന് 2 ലക്ഷം രൂപയും വകയിരുത്തുന്നു.

## ആരോഗ്യം -

സമഗ്ര ആരോഗ്യ പദ്ധതിയായ **ഹെൽത്തി വില്ലേജ്** എന്ന പദ്ധതി അടുത്തവർഷം നടപ്പിലാക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം പോഷകാഹാരം ലഭ്യമാക്കൽ, പ്രതിരോധ കുത്തിവെയ്പ്, ശിശു ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, ഗ്രാമആരോഗ്യ പോഷകാഹാര ദിനാചരണം, ക്യാമ്പുകൾ സംഘടിപ്പിക്കൽ, രോഗനിർണയം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നവർക്ക് പോഷകാഹാരം, രോഗനിർണയം, ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഉപകരണങ്ങൾ വാങ്ങൽ , എച്ച് ബി 12 ആൻറി അനീമിയ പ്രോഗ്രാം എന്നിവ ഉൾപെടുന്നു. ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഒരു സിഎച്ച് സിയും, തന്നട, ചാല, കോയ്യോട് , മുതുകുറ്റി, ചാല ജനകീയ ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. സബ് സെൻറുകളിൽ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനും ഹെൽത്ത് ഗ്രാൻറ്, മററ് ഫണ്ടുകൾ എന്നീ ഇനത്തിലും തുക

വകയിരുത്തുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കും ആരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തുന്നു. മുതുകുറ്റിയിൽ അമ്മയും കുഞ്ഞും പരിപാലന പ്രസവ രക്ഷ കേന്ദ്രത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു. ആയുർവേദ മരുന്ന് വാങ്ങൽ പദ്ധതിക്ക് 5 ലക്ഷം രൂപയും ഹോമിയോ വരുന്ന് വാങ്ങൽ പദ്ധതിക്ക് 5 ലക്ഷം രൂപയും വെറ്റിനറി ഡിസ്പൻസറിക്ക് 5 ലക്ഷം രൂപയും വകയിരുത്തുന്നു. ഹെൽത്ത് സബ് സെൻററുകൾക്കായി 20 ലക്ഷം രൂപയും വകയിരുത്തുന്നു. എബിസി പദ്ധതിക്ക് വിഹിതം നൽകുന്നതിനായി 2 ലക്ഷം രൂപയും കണ്ണൂർ ഫൈറ്റ് കേൻസർ പദ്ധതിക്ക് 1 ലക്ഷവും സാന്ത്വന പരിചരണത്തിനായി 20 ലക്ഷം രൂപയും വൃക്കരോഗികൾക്ക് ധനസഹായം നൽകുന്നതിന് 5 ലക്ഷം രൂപയും സബ് സെൻററുകൾക്ക് പരിശോധ കിറ്റ് ഉകരണങ്ങൾ എന്നിവക്കായി 10 ലക്ഷം രൂപയും ആർദ്രം പദ്ധതിക്ക് 2 ലക്ഷം രൂപയും തെരുവ്നായ രഹിതമായ പൊതുസ്ഥലങ്ങൾക്കായി 3 ലക്ഷം രൂപയും നിർദ്ധനരായി കിടപ്പുരോഗികൾക്ക് ഇൻസിനേറ്റർ എന്ന പദ്ധതിക്കായി 40 ലക്ഷം രൂപയും വയോജന ചികിത്സ കേന്ദ്രത്തിന് 2 ലക്ഷം രൂപയും ഓപൺ ജിംനേഷ്യത്തിന് 5 ലക്ഷം രൂപയും കേൻസർ നിർണയ പദ്ധതിക്കായി 5 ലക്ഷം രൂപയും വകയിരുത്തുന്നു. സിഎച്ച്സി ഇരിവേരിയിൽ അധികമായി ഒരു ഡോക്ടറെ നിയമിച്ച് സബ് സെൻററുകളിൽ സേവനം ഉപയോഗപ്പെടുത്തും.

**ശുചിത്വവും മാലിന്യ സംസ്കരണവും**

പഞ്ചായത്ത് മുൻഗണന നൽകുന്ന മറ്റൊരു വിഭാഗമാണിത്. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് ഒരു പരിധി വരെ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സിസിടിവി കേമറ സ്ഥാപിച്ചും നീരീക്ഷണം ശക്തമാക്കിയും പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുജനങ്ങളുടെ സഹായവും പഞ്ചായത്ത് പ്രതീക്ഷിക്കുന്നു. ചക്കരക്കൽ മുതൽ ചാല വരെയുള്ള റോഡിരികകളും ടൌണുകളും വൃത്തിയായി സൂക്ഷിക്കുന്നതിന് പൊതുജനങ്ങളെ ഉൾപെടുത്തി ഗ്രൂപുകൾ രൂപീകരിച്ച് ചേലോടെ ചെമ്പിലോട് പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കും. ഹരിത വീഥി എന്ന പദ്ധതിക്കായി 2 ലക്ഷം രൂപയും മുഴുവൻ വീടുകളിലും റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനും 50 ലക്ഷം രൂപ വകയിരുത്തുന്നു. മാലിന്യ സംസ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ അംഗൻവാടി തലം മുതൽ

സംഘടിപ്പിക്കും. പ്ളാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പദ്ധതിക്കായി 15 ലക്ഷം രൂപയും ശുചിത്വ കിണറുകൾക്ക് 5 ലക്ഷം രൂപയും ആശ്രയ വിഭാഗക്കാർക്ക് യൂസർഫീ നൽകുന്നതിന് 25000 രൂപയും ഹരിത കർമ്മസേന പ്രവർത്തനത്തിന് 2 ലക്ഷം രൂപയും കക്കൂസ് നിർമ്മാണത്തിന് 5 ലക്ഷം രൂപയും സ്മാർട്ട് ഐ കേമറകൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും ശുചിത്വ കേമറകളുടെ നിരീക്ഷണത്തിനായി 2 ലക്ഷം രൂപയും എംസിഎഫ് നവീകരണത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു.

**ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികൾ**

ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി വിനോദയാത്ര, ഭിന്നശേഷി കലാകായിക മത്സരങ്ങൾ, ഭിന്നശേഷി മെഡിക്കൽ ക്യാമ്പ്, ഭിന്നശേഷി UD ക്യാമ്പും സർട്ടിഫിക്കറ്റ് വിതരണവും, കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ധനസഹായം, തൊഴിൽ പരിശീലനവും തൊഴിലും, ഭിന്നശേഷി നിയമ ബോധവത്ക്കരണ ക്ലാസ്സ് എന്നിവ തുക ഈ ബജറ്റിൽ വകയിരുത്തുന്നു. ഭിന്നശേഷി കലാകായിക മേളക്ക് 1 ലക്ഷം രൂപയും ഭിന്നശേഷി സ്കോളർഷിപ്പിന് ബത്ത നൽകൽ എന്ന പദ്ധതിക്ക് 30 ലക്ഷം രൂപയും ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക്ക് വീൽ ചെയർ നൽകുന്നതിന് 3 ലക്ഷം രൂപയും ഭിന്നശേഷി പകൽവീടുകൾക്ക് 10 ലക്ഷം രൂപയും കുടനിർമ്മാണ പരിശീലത്തിന് 50000 രൂപയും വകയിരുത്തുന്നു.

**ബിആർസി പ്രവർത്തനം**

ബിആർസി ക്കായുള്ള പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. ഇതിലേക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുന്നു . ബിആർസി കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുക വഴി അവർ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വിൽപന നടത്തിയതിലൂടെ ലഭിച്ച വരുമാനത്തിലെ ചെറിയ തുക ഓണത്തിന് ബോണസ് ആയി നൽകി വരുന്നു. ഈ മേഖലയിൽ 35 ലക്ഷം രൂപ വകയിരുത്തുന്നു. ഫിസിയോ സ്പീച്ച് തെറാപിസ്റ്റിന് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻറെ വേതനം നൽകുന്നതിന് 1.5 ലക്ഷം രൂപയും വകയിരുത്തുന്നു.

പട്ടികജാതി പട്ടിക വർഗ വിഭാഗം

പഞ്ചായത്ത് പരിധിയിൽ 156 പട്ടികജാതി കുടുംബങ്ങളും 1 പട്ടികവർഗ കുടുംബവും ഉണ്ട്. ഇവരുടെ ക്ഷേമത്തിനും ബജററിൽ തുക വകയിരുത്തുന്നു. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണത്തിന് 2 ലക്ഷം രൂപയും പെൺകുട്ടികൾക്ക് വിവാഹ ധനസഹായത്തിന് 2 ലക്ഷം രൂപയും വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്നതിന് 1 ലക്ഷം രൂപയും തെയ്യം കലാകാരൻമാർക്ക് വാദ്യോപകരണം പദ്ധതിക്ക് 1.5 ലക്ഷം രൂപയും കലാക്ഷേത്രം പദ്ധതിക്ക് 10 ലക്ഷം രൂപയും വകയിരുത്തുന്നു.

## വയോജനങ്ങൾ

സമൂഹത്തിൽ ഏറ്റവും പ്രയാസം അനുഭവിക്കുന്നവരാണ് വയോജനങ്ങൾ. വയോജനങ്ങൾക്കായി 2 ഹേപ്പിഹോം ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് കലാകായിക പരിപാടികൾ, വയോജന മെഡിക്കൽ ക്യാമ്പും ഉപകരണ നിർണ്ണയ ക്യാമ്പും സംഘടിപ്പിക്കും. വയോജന ഹേപ്പിഹോം പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയും വയോജന സംഗമം കലാമേള എന്നിവക്കായി 5 ലക്ഷം രൂപയും വകയിരുത്തുന്നു. വയോജനങ്ങൾക്ക് ഉച്ചഭക്ഷണം ഉൾപടെ നൽകുന്നതിനുള്ള സമഗ്ര പദ്ധതിക്ക് 15 ലക്ഷം രൂപയും വകയിരുത്തുന്നു. വയോജനങ്ങളുടെ സംരക്ഷണത്തിന് യുവാക്കളുടെയും അകമഴിഞ്ഞ പിന്തുണ ആവശ്യമാണ്. വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും, വയോജനങ്ങളുടെയും യുവജനങ്ങളുടെയും ആശയ അഭിലാഷങ്ങൾ പരസ്പരം കൈമാറുന്നതിനും വയോജന യുവജന സംഗമം എന്ന പദ്ധതി അടുത്ത വർഷം നടപ്പിലാക്കും

## വനിത വികസനം

വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വനിതകൾക്ക് ഗ്രൂപ്പ് സംരംഭങ്ങളും കുടുംബശ്രീ സഹായത്തോടെ 2026-27 സാമ്പത്തിക വർഷത്തിലും നടത്തുന്നതാണ്. ഈ മേഖലയ്ക്കായി 45 ലക്ഷം രൂപ വകയിരുത്തുന്നു. കമ്മ്യൂമിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം നൽകുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും 3 ലക്ഷം രൂപയും ജാഗ്രത സമിതിക്ക് 1 ലക്ഷം രൂപയും മെൻസ്ട്രുവൽ കപ്പ് വിതരണത്തിന് 2 ലക്ഷം രൂപയും വനിത കലോൽസവത്തിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു.

## ശിശുസംരക്ഷണം

അങ്കണവാടികുട്ടികളുടെ സംരക്ഷണത്തിനായി വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൂക്കംകുറവുള്ള കുട്ടികൾക്കുള്ള കിറ്റുകൾ നല്കുന്ന പദ്ധതി, അനീമിയ ക്യാമ്പുകൾ, പൂരകപോഷകാഹാര പദ്ധതികൾ എന്നിവയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തുന്നു. അങ്കവാടികൾക്ക് അനുബന്ധ സൌകര്യങ്ങൾ, കളി ഉപകരണങ്ങൾ, കുട്ടികൾക്ക് പാർക്കുകൾ എന്നിവ ഒരുക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. അങ്കണവാടി ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മാണത്തിന് 10 ലക്ഷം രൂപയും അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി 60 ലക്ഷം രൂയും വകയിരുത്തുന്നു.

<u>പാർപ്പിടം</u>

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ലൈഫ് വില്ല നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താൾക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിലെ അർഹരായ ഭൂരഹിതരും ഭവനരഹിതരുമായവർക്ക് സ്ഥലം, വീട് എന്നിവ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും തുടരും. ഈ മേഖലയക്ക് ആവശ്യമെങ്കിൽ വായ്പ ലഭ്യമാക്കും. പാർപ്പിടമേഖലയ്ക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തുന്നത്. പിഎംഎവൈ വിഹിതത്തിന് 1 ലക്ഷം രൂപയും വീട് വാസയോഗ്യമാക്കൽ പദ്ധതി ജനറൽ വിഭാഗത്തിന് 50 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 5 ലക്ഷം രൂപയും ആശ്രയ വിഭാഗത്തിന് 1 ലക്ഷം രൂപയും ലൈഫ് പദ്ധതിക്ക് സ്ഥലം വാങ്ങുന്നതിന് 15 ലക്ഷം രൂപയും വകയിരുത്തുന്നു.

<u>**കുടിവെള്ളവും ജലസംരക്ഷണവും**</u>

ജലസംരക്ഷണപ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും നടത്തുന്നു. ജലശുദ്ധീകരണ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും നടത്തിവരുന്നു. പഞ്ചായത്തിലെ 36 തോടുകളും, 76 കുളങ്ങളും ശുചീകരിക്കാൻ സാധിച്ചിട്ടുണ്ട്. തുടർ പദ്ധതി എന്ന നിലയിൽ ഈ മേഖലയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇ കോളി മുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് സർവേ, പരിശോധന, ശുചീകരണ പ്രവർത്തനങ്ങൾക്കായും 1 ലക്ഷം രൂപ വകയിരുത്തുന്നു.

<u>**അതിദാരിദ്ര്യ നിർമ്മാർജ്ജനം**</u>

നമ്മുടെ പഞ്ചായത്ത് അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻറെ തുടർപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 2 ലക്ഷം രൂപയും അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി രണ്ടാംഘട്ടത്തിനായി 2 ലക്ഷം രൂപയും വകയിരുത്തുന്നു.

**പശ്ചാത്തല സൌകര്യങ്ങൾ, ഊർജ്ജം**

എല്ലാ റോഡുകളും ഈ സാമ്പത്തിക വർഷത്തിൽ നവീകരിക്കുക എന്നതാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ഫണ്ട് ലഭ്യത അനുസരിച്ച് ഇവ പൂർത്തീകരിക്കും. വിവിധ റോഡുകളുടെ റീതാറിംഗ് പ്രവൃത്തികൾക്ക് 3 കോടി രൂപയും താറിംഗ് പ്രവൃത്തികൾക്ക് 3 കോടി രൂപയും വിവിധ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 50 ലക്ഷം രൂപയും വകയിരുന്നു. എല്ലാ തെരുവ് വിളക്കുകളും എൽഇഡി ആക്കി മാററുന്നതിനും തുക വകയിരുത്തുന്നു. തെരുവ് വിളക്കുകളുടെ എഎംസി ക്കായി 10 ലക്ഷം രൂപയും തെരുവ് വിളക്കുകൾ വാങ്ങുന്നതിന് 15 ലക്ഷം രൂപയും വകയിരുത്തുന്നു. തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കും. ചക്കരക്കൽ ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആധുനിക രീതിയിയിലുള്ള ഒരു ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ്, പാര്ക്കിംഗ് സംവിധാനം, മിനി ഓഡിറ്റോറിയം, ടോയ്ലറ്റ് മറ്റ് സൌകര്യങ്ങൾ അടങ്ങുന്ന ഒരു വിവിധോദ്ദേശ പ്രൊജക്റ്റ് ഈ വർഷം പൂർത്തിയാക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. എംഎൽഎ ഫണ്ടോ ബഹു. മുഖ്യമന്ത്രിയുടെ ആസ്തിവികസനോ ഫണ്ടോ ലഭ്യമായ മറ്റ് ഫണ്ടോ ഉപയോഗപ്പെടുത്തി പൂർത്തീകരിക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിനും പദ്ധതികൾ ഈ വർഷം നടപ്പിലാക്കും. സ്റ്റേഡിയം വാടകക്ക് നൽകുന്നതിന് ബൈല തയ്യാറാക്കും. നിലവിലുള്ള ഓപൺ ജിംനേഷ്യത്തിന് കൂടുതൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കും. അതിനോട് ചേർന്ന് ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കും. പഞ്ചായത്ത് ഓഫീസിന് താഴെയുള്ള സ്ഥലം ഉൾപെടുത്തി പാർക്കിംഗ് സംവിധാനം ഉൾപടെ മിനി ഓഡിറ്റോറിയം നിർമ്മിക്കും. പൊക്കൻമാവിൽ പ്രവർത്തിക്കുന്ന മിനിവ്യവസായ എസ്റ്റേറ്റ് ആധുനികവൽക്കരിക്കും. കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും പൊതു സ്ഥലങ്ങളിൽ സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും നിലവിൽ

പ്രവർത്തിക്കുന്ന സോളാർ സംവിധാനങ്ങളുടെ റിപ്പയർ, എഎംഎസി എന്നിവക്കായി 5 ലക്ഷം രൂപയും വകയിരുത്തുന്നു.

## ജൈവവൈവിധ്യം, കാലാവസ്ഥ വ്യതിയാനം

ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കുന്നതിനും കാർബൺ ബഹിർഗമനം കുറക്കാനുള്ള പ്രവർത്തനങ്ങളും പഞ്ചായത്ത് നടത്തിവരുന്നു. നെറ്റ് സീറോ കാർബണ്, പ്രകൃതി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കും ബജറ്റിൽ തുക 2 ലക്ഷം രൂപയും ജൈവ വൈവിധ്യ പാർക്കിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവവൈവിധ്യ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നു. വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും . ഈ ആവശ്യത്തിലേക്ക് ബാങ്കുകളുമായി ചർച്ച നടത്തി ലോൺ ലഭ്യമാക്കിയും ഇതിനായി ഒരു സർവേ നടത്തിയും ഗ്രാമസഭകളിലൂടെയും മറ്റ് സമൂഹ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിയും തയ്യാറുള്ള ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സഹായം കൂടി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സർവേക്കും മറ്റ് ചെലവുകൾക്കുമായി 5 ലക്ഷം രൂപയും പച്ചത്തുരുത്ത് നിർമ്മാണത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു.

## ദുരന്തനിവാരണം

വാർഡ് തലത്തിൽ ERT, സന്നദ്ധപ്രവർത്തകർ, ആശ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരുടെ ടീം രൂപീകരിച്ച് അവർക്ക് പരിശീലനം നൽകി. അത്യാവശ്യ ഉപകരണങ്ങൾ വാർഡ് തലത്തിൽ തന്നെ സജ്ജമാക്കേണ്ടതായിട്ടുണ്ട്. പ്രഥമശുശ്രൂഷ പരിശീലനം നൽകുക വഴി പെട്ടെന്നുണ്ടാകുന്ന അപകടത്തെ തരണം ചെയ്യാൻ ജനങ്ങൾ ബോധവാന്മാരാവണം. അതിനുള്ള തുടർപരിശീലനം അടുത്ത വർഷവും നൽകുന്നതാണ്. ദുരന്തരക്ഷാ ഉപകരണങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് 1 ലക്ഷം രൂപയും ദുരന്ത നിവാരണ പരിശീലനത്തിന് 50000 രൂപയും ദുരന്തരക്ഷാ പദ്ധതിക്ക് 2 ലക്ഷം രൂപയും വകയിരുത്തുന്നു.

## പകർച്ചവ്യാധി പ്രതിരോധം

വാർഡ്തല NHM കമ്മിറ്റികൾ, വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ എന്നിവ കൂടുതൽ ഫലപ്രദമാക്കും. കൂടാതെ അയൽക്കൂട്ടങ്ങളിൽ പകർച്ചവ്യാധി പ്രതിരോധബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വ്യായാമത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തും. ജനകീയ ആരോഗ്യകേന്ദ്രങ്ങൾവഴി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും. ഈ വിഭാഗത്തിനായി 40 ലക്ഷം രൂപ വകയിരുത്തുന്നു.

## കുടുംബശ്രീ

ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ജില്ലയിൽ തന്നെ മാതൃകയാണ്. 263 അയൽക്കൂട്ടങ്ങളിലായി 4268 അംഗങ്ങൾ നിലവിലുണ്ട്. 13 വയോജന അയൽക്കൂട്ടങ്ങളും, 2 സ്പെഷൽ അയൽക്കൂട്ടങ്ങളും ഉണ്ട്. 236 അയൽക്കൂട്ടങ്ങള്ക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 219 അംഗങ്ങൾ ജീവൻദീപം ഇന്ഷുറൻസിൽ അംഗങ്ങളാണ്. ഓക്സിലറി ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയെ സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

## ഇ - ഗവേൺസ്

KSMART വന്നതോടുകൂടി ജനങ്ങൾക്കുള്ള സേവനം വിരൽതുമ്പിൽ എത്തിക്കാൻ സാധിക്കുന്നു. ഇതുവഴി കൂടുതൽ വേഗത്തിലും സുതാര്യമായും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. പഞ്ചായത്തിൽ സ്മാർട്ട് കോളർ സ്ഥാപിച്ചതിലൂടെ ജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ എത്തിക്കാൻ സാധിക്കുന്നു. പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സുരക്ഷയും പരിപാലനവും, പുതിയ ഉപകരണങ്ങൾ വാങ്ങൽ, വയറിംഗ് , നെറ്റ് വർക്ക് സംവിധാനം മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടെ ഈ മേഖലയിൽ 30 ലക്ഷം രൂപ വകയിരുത്തുന്നു.

## ജാഗ്രതസമിതി

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ജാഗ്രതസമിതി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. അടുത്ത വർഷവും ജാഗ്രത സമിതി പുനർപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ

വകയിരുത്തുന്നു. കരുതൽ - മാതാപിതാക്കൾ ഇല്ലാത്ത കുട്ടികൾക്ക് അവരുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ആവശ്യമായ പിന്തുണ നൽകുന്ന കരുതൽ പദ്ധതിയിലൂടെ തുടർന്നും നൽകുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

**സൽ ഭരണം**

ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ 2025 ഏപ്രിൽ മാസം മുതൽ കെ സ്മാർട്ട് എന്ന ഓൺലൈൻ സോഫ്ട് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓഫീസിൽ നേരിട്ട് വരാതെ ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും സാധിക്കുന്നു. കെ സ്മാർട്ട് സോഫ്ട് വെയറിലൂടെ അപേക്ഷ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. ഗ്രാമസഭളിലും ഇത് സംബന്ധിച്ച പരിശീലന പരിപാടി ഉൾപ്പെടുത്തും . പഞ്ചായത്തിന് ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. എല്ലാ ഘടക സ്ഥാപനങ്ങൾക്കും പ്രസ്തുത സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കും. പദ്ധതി രൂപീകരണം മോണിറ്ററിംഗ് ചെലവുകൾക്ക് 5 ലക്ഷം രൂപയും ടെക്നിക്കൽ അസിസ്റ്റൻറ് , പ്രൊജക്ട് അസിസ്റ്റൻറ് എന്നിവരുടെ വേതനം നൽകുന്നതിന് 8 ലക്ഷം രൂപയും ഐഎസ്ഒ സർട്ടിഫിക്കേഷനായി 3 ലക്ഷം രൂപയും ഐകെഎം വിഹിതം നൽകുന്നതിന് 1 ലക്ഷം രൂപയും ഡോക്യുമെൻറേഷന് 1 ലക്ഷം രൂപയും സ്മാർട്ട് കോളർ പദ്ധതിക്കായി 1 ലക്ഷം രൂപയും വികസന രേഖ തയ്യാറാക്കൽ പദ്ധതിക്ക് 2 ലക്ഷം രൂപയും ഡിജി കേരളം 2 പദ്ധതിക്കായി 1 ലക്ഷം രൂപയും ഹാപ്പിനെസ് പാർക്കിനായി 11 ലക്ഷം രൂപയും പഞ്ചായത്ത് ഓഫീസിൽ ഇൻവർട്ടർ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു.

**മഹാത്മാഗാന്ധി എൻആർഇജിഎസ്**

പഞ്ചായത്തിലെ മറ്റൊരു പ്രധാന പദ്ധതിയാണ് മഹാത്മാ ഗാന്ധി എൻആർഇജിഎസ് പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ ഒരു പരിധി വരെ ദാരിദ്ര്യ നിർമ്മാരജനം സാധ്യമായിട്ടുണ്ട്. വ്യക്തിഗത പ്രവൃത്തികൾ കൂടാതെ മെറ്റീരിയിൽ പ്രവൃത്തികളും അടുത്തവർഷം നടപ്പിലാക്കും. ഈ പദ്ധതിയിലേക്ക് കൂടുതൽ ആളുകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. ഈ പദ്ധതിൽ ഉൾപ്പെടുത്തി ദുരന്ത രക്ഷാ കേന്ദ്രം

സ്ഥാപിക്കുന്നതിന് പ്രവർത്തനങ്ങൾ നടത്തും. ഈ മേഖലയിൽ 3 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>പഞ്ചായത്ത് ദുരിതാശ്വാസ നിധി</u> -**

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഗുരുതര രോഗം പിടിപെട്ടവർക്ക് ഇതിൽ നിന്നും ദുരിതാശ്വാസ ധനസഹായം നല്കി വരുന്നുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

**<u>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ</u>**

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, സ്ത്രീ സുരക്ഷ പദ്ധതി എന്നിവക്കായി 16.84 കോടി രൂപ വകയിരുത്തുന്നു.

**<u>ലഹരിക്കെതിരായ പ്രത്യേക പദ്ധതികൾ</u>**

ലഹരിയുടെ ഉപയോഗം പാടെ തുടച്ച് നീക്കുന്നതിന് കുട്ടികളിലും യുവതി യുവാക്കളിലും ബോധവൽക്കരണം ആവശ്യമാണ്. യുവാക്കൾക്കായി കരിയർ ഗൈഡൻസ് സെൻററുകൾ പഞ്ചായത്ത് ആഭിമുഖ്യത്തിൽ സംഘടിപ്പിക്കും. കുട്ടികളെ ലഹരിയിൽ നിന്നും ശ്രദ്ധ തിരിക്കുന്നതിലേക്കായി ഫുട്ബോൾ, നീന്തൽ , വോളിബോൾ , യോഗ പരിശീലനങ്ങൾ പഞ്ചായത്ത് എല്ലാ വർഷവും നടത്തി വരുന്നു. കുട്ടികളുടെ സ്വയ രക്ഷയ്ക്കായി കരാട്ടെ കളരി പരിശീലനങ്ങൾ നടത്താനും ലക്ഷ്യമിടുന്നു. യുവതി യുവാക്കളടക്കം പൊതു സമൂഹത്തിന്റെ ബോധവൽക്കരണത്തിനായി എക്സൈസ് വകുപ്പ്, പോലീസ്, സ്കൂൾ അധ്യാപകർ, പ്രദേശത്തെ വിശിഷ്ട വ്യക്തികൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, സന്നദ്ധ സേവകർ , SPC, വ്യാപാര വ്യവസായ പ്രതിനിധികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ ലഹരി വിരുദ്ധ ക്യാമ്പയിനുകൾ വാർഡുകൾ തോറും കൂടുതൽ ശക്തമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ലഹരിയല്ല ജീവിതം ജീവതമാണ് ലഹരി എന്ന സമഗ്ര പദ്ധതിക്കായി 2 ലക്ഷം രൂപ വകയിരുത്തുന്നു. കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം കുറക്കുന്നതിനും ലഹരി

ഉപയോഗിക്കുന്നതിൽ നിന്നും അവരെ രക്ഷിക്കുന്നതിനും ഒരു സമഗ്ര പദ്ധതി അടുത്ത വർഷം നടപ്പിലാക്കും. കുട്ടിക്കൊരു കിളിക്കൂട് എന്ന പക്ഷി വളർത്തൽ പദ്ധതിക്കും ഏഞ്ചൽ ബോക്സ് എന്ന അലങ്കാര മത്സ്യവളർത്തൽ പദ്ധതിക്കുമായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

യുവജനക്ഷേമം

യുവജനങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ അടുത്ത വർഷം നടപ്പിലാക്കും. സൈക്കിൾ ഗ്രാമം പദ്ധതി എന്ന പ്രൊജക്ടിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. പഠനം പൂർത്തിയാക്കുന്ന യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ് സെൻററുകൾ ആരംഭിക്കും. ഇതിൻറെ പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപ വകയിരുത്തുന്നു. യുവജനങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ കമ്പനികളുടെയും വ്യവസായ വകുപ്പിൻറെയും സഹകരണത്തോടെയുള്ള സമഗ്ര പദ്ധതിക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു. എല്ലാ വാർഡുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിന് 1 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

**ജെൻഡർ ബഡ്ജറ്റ്**

ജെൻഡർ സമത്വം സാക്ഷാത്ക്കരിക്കുന്നതിന് മുന്നോടിയായുള്ള ജെൻഡർ ബഡ്ജറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ഈ ബജറ്റിൽ ആവശ്യമായ പരിഗണ നൽകിയിട്ടുണ്ട്. മെൻസ്ട്രുവൽ കപ്പ് വിതരണം , വനിതകൾക്ക് സ്വയംതൊഴിൽ സംരഭങ്ങൾ, പ്രസവരക്ഷ കേന്ദ്രം എന്നിവ സ്ത്രീകൾക്കായുള്ള പദ്ധതികളാണ്.

**പെർഫോമൻസ് ബജററ്**

പഞ്ചായത്തിനും ജനങ്ങൾക്കും വരുമാനം ലഭിക്കുന്നതിനായി കൂടുതൽ നൂതന പദ്ധതികൾക്ക് കൂടുതൽ പ്രാമുഖ്യം നല്കേണ്ടതുണ്ട്. പച്ചക്കറികൃഷി, മുട്ട, ഇറച്ചി എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. കൂടാതെ ചക്കരക്കൽ ബസ് സ്റ്റാൻഡ് , മിനി വ്യവസായ എസ്റ്റേറ്റ് ആധുനിക വൽക്കരണം, സോളാർ പദ്ധതികൾ, സമ്പൂർണ ശുചിത്വം നേടുന്നതിനുള്ള പദ്ധതികൾ എന്നിവക്കായും തുക വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷിതത്വം , ആരോഗ്യം, ശുചിത്വം സ്വയം തൊഴിൽ സംരഭങ്ങൾ എന്നിവയ്ക്കും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

| ബജറ്റ് സംഗ്രഹം | |
|---|---|
| ഇനം | തുക |
| മുൻബാക്കി | 4,77,03,000 |
| നികുതി വരുമാനം | 2,46,00000 |
| നികുതിയേതര വരുമാനം | 2,17,39,000 |
| ജനറൽ പർപസ് ഫണ്ട് | 3,06,78,000 |
| പദ്ധതിയേതര വരവുകൾ (ക്ഷേമ പെൻഷൻ ഉൾപടെ) | 16,84,00000 |
| ഗ്രാൻറുകൾ | 11,54,50000 |
| അഡ്വാൻസുകൾ ,ഡെപോസിറ്റുകൾ ബാധ്യതകൾ | 2,30,00000 |
| ആകെ വരവുകൾ | 43,15,70000 |
| ആകെ എസ്റ്റാബ്ലിഷ്മെൻറ് ചിലവുകള് | 3,18,00000 |
| ആകെ സംരക്ഷണ ചിലവുകള് | 94,00000 |
| റിക്കവറികൾ | 35,00000 |
| പദ്ധതി ചെലവുകൾ | 18,50,00000 |
| പദ്ധതിയേതര ചെലവുകൾ (ക്ഷേമ പെൻഷൻ ഉൾപടെ) | 16,84,00000 |
| അഡ്വാൻസുകൾ ഡെപോസിറ്റുകൾ ബാധ്യതകൾ തിരിച്ചടവ് | 1,97,00000 |
| ആകെ ചെലവുകൾ | 41,78,00000 |
| നീക്കി ബാക്കി | 1,37,70000 |

## ഉപസംഹാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ് എന്നത് ഈ കാലഘട്ടത്തിൻറെ ആവശ്യമാണ്. എന്നാൽ ഇതിനായി ജനങ്ങളിൽ കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്നതിനും നമുക്ക് സാധിക്കുകയില്ല.

പഞ്ചായത്തിൻറെ നിലവിൽ ലഭ്യമായ ആസ്തികൾ ഉപയോഗപ്പെടുത്തിയും സംരഭക പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാന സ്രോതസുകളും ഉപയോഗപ്പെടുത്തി പൊതുജനങ്ങളുടെ സഹായത്തോടെയും പഞ്ചായത്തിന്റെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയിലൂടെയും ഗ്രാമസ്വരാജ് എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് സാധിക്കും.

2026-27 വർഷത്തെ ബജറ്റ്, ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

മോഹനൻ കെ

വൈസ് പ്രസിഡൻറ്

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്